# സ്വാതന്ത്ര്യത്തെ കുറിച്ചുള്ള സേവയുടെ ദർശനം

-ഇന്ത്യയിലെ ദശലക്ഷകണക്കിന് തൊഴിലാളികൾക്ക് പൂർണ്ണ സ്വാതന്ത്ര്യം ഇനിയും ലഭ്യമായിട്ടില്ല.

-സാമ്പത്തിക, മാനസിക സ്വയം പര്യാപ്തത ചിന്തകളിലും തീരുമാനമെടുക്കൽ പ്രക്രിയകളിലും നേടുന്നതാണ് സ്വാതന്ത്ര്യം. സംപൂർണ്ണ തൊഴിൽ സാഹചര്യങ്ങളില്ലാതെ ഇത് സാദ്ധ്യമല്ല എന്നാണ് ഞങ്ങളുടെ അനുഭവങ്ങൾ പഠിപ്പിക്കുന്നത്.

-എല്ലാ വീടുകളിലും അടിസ്ഥാന ഭക്ഷ്യ സുരക്ഷയും , ശുദ്ധ ജലം, വസ്ത്രം , പാർപ്പിടം എന്നിവയുടെ പ്രാപ്യതയും ഉണ്ടാകുമ്പോഴാണ് പൂർണ്ണ തൊഴിൽ സാഹചര്യം യാഥാർത്ഥ്യമാവുന്നത്. ഇത് അവരുടെ സ്വന്തം വരുമാനത്തിൽ നിന്ന് ലഭ്യമാവണം. ആരോഗ്യ പരിരക്ഷ കുട്ടികളുടെ പരിചരണം, ഇൻഷുറൻസ് , പെൻഷൻ തുടങ്ങിയ സാമൂഹിക സുരക്ഷ സംവിധാനങ്ങൾ ലഭ്യമാവണം.

-പൂർണ്ണ തൊഴിൽ എന്ന അവസ്ഥയിലേക്ക് അംഗങ്ങൾ എത്തുന്നതു വരെ പോരാടുക എന്നതാണ് സേവയുടെ മുഖ്യ ലക്ഷ്യം.

-സംഘാടനത്തിലൂടെയും അക്രമ രഹിത മാർഗ്ഗങ്ങളിലൂടെയും ക്രിയാത്മക പ്രവർത്തനങ്ങളിലൂടെയും ഒരുമിച്ച് പോരാടി സേവ അംഗങ്ങൾ പൂർണ്ണ തൊഴിൽ എന്ന അവസ്ഥയിലെത്തും.

-സമഗ്രത, സാമുദായിക സൗഹാർദ്ദം, സാമൂഹ്യ നീതി, ലാളിത്യം എന്നിവയാണ് സേവയുടെ അടിസ്ഥാന മൂല്യങ്ങൾ .
-സ്വയം പര്യാപ്തതയ്ക്കു വേണ്ടി സ്ത്രീ തൊഴിലാളികളെ തൊഴിലാളി സംഘടനകൾ, സഹകരണ സംഘങ്ങൾ/ കൂട്ടായ്മകൾ, എന്നിവയിലൂടെ സംഘടിപ്പിക്കുക എന്നതാണ് സേവയുടെ പ്രവർത്തന തന്ത്രം .

-സംഘടിക്കുന്നതിലൂടെ സ്ത്രീ തൊഴിലാളികൾക്ക് ശബ്ദവും കൂടുതൽ ദൃശ്യതയും ലഭിക്കുന്നു. രാജ്യത്തിന്റെ സമ്പദ്ഘടനയിലേക്കുള്ള അവരുടെ സംഭാവനകൾ പരിഗണിക്കപ്പെടുകയും ചെയ്യും

- സ്ത്രീ തൊഴിലാളികൾ കുടുംബവും സമൂഹവും നയിക്കുമ്പോഴാണ് പൂർണ്ണ സ്വാതന്ത്ര്യം ലഭ്യമാവുന്നത്.

ഇതാണ് സേവയുടെ ദർശനം
ഇതാണ് സേവയുടെ ദർശനം